ശ്രീ. കെ. ടി. അച്യുതൻ : ആറുമാസത്തിലൊരിക്കൽ കമ്മിറ്റി കൂടണമെന്നാണ് വ്യവസ്ഥ ഉടനെതന്നെ ആ കമ്മിറ്റിയെ വിളിച്ചുകൂട്ടുന്നതാണ്. അല്ലാതെ വിളിച്ചുകൂട്ടാതിരിക്കുന്നതിന് പ്രത്യേക കാരണമൊന്നുംതന്നെയില്ല.

ശ്രീ. പി. ഗോപാലൻ : തൃശ്ശൂർ ഡിസ്ട്രിക്റ്റിലുള്ള ഒരു പ്രമുഖ വ്യക്തിയുടെ വീട്ടിൽ നിന്നും രണ്ടായിരം ഗ്യാലൻ വാറ്റുചാരായം ഫ്ളയിംഗ് സ്ക്വാഡുകാർ കണ്ടുപിടിച്ചതായി പത്രങ്ങളിലെല്ലാം റിപ്പോർട്ടുവരികയുണ്ടായി. എന്നാൽ അതിന്റെ പേരിൽ കേസ്സെടുക്കാതെ തേച്ചുമാച്ചുകളഞ്ഞതായിട്ടറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഏതു കേസ്സാണെന്നു പ്രത്യേകം പറയാതെ മറുപടി പറയാൻ നിവൃത്തിയില്ല.

പ്രൈമറി ഹെൽത്തു് സെൻറുകൾ

* 861. [2] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ വർഷത്തിൽ എത്ര പ്രൈമറി ഹെൽത്തു് സെൻറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

പതിനൊന്നു്.

ശ്രീ. പി. സി. രാഘവൻ നായർ : എൻ. ഈ. എസ്സ്. ബ്ലോക്കു് ഏരിയായിലും നാൺബ്ലോക്കു് ഏരിയായിലും പുതിയതായി പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനുള്ള ബാദ്ധ്യതകളെന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നാൺ ബ്ലോക്കു് ഏരിയായിൽ തുറക്കുന്ന പ്രശ്നമേ വരുന്നില്ല. ബ്ലോക്കു് ഏരിയായിൽ പ്രൈമറി ഹെൽത്തു് സെൻറർ സ്ഥാപിക്കുന്നതിനു മുമ്പു 25 ശതമാനം ലോക്കൽ കാൺട്രിബ്യൂഷനായി കിട്ടണം. പിന്നെ അതു് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഫ്രീയായിട്ടു് കിട്ടണം.

ശ്രീ. ഈ. പി. ഗോപാലൻ : പ്രൈമറി ഹെൽത്തു് സെൻറർ ബ്ലോക്കു് ഏരിയായിൽ തുടങ്ങുന്നതു് അതിലുള്ള പ്രൊവിഷനനുസരിച്ചാണെന്നു പറഞ്ഞു. ഒരു എൻ. ഈ. എസ്സ്. ബ്ലോക്കിന്റെ കാലാവധി 5 കൊല്ലമാണു്. പല എൻ. ഈ. എസ്സ്. ബ്ലോക്കിലും പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനു് ബഡ്ഡറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്. എന്നാൽ മൂന്നു കൊല്ലം കഴിഞ്ഞിട്ടും തുടങ്ങാതിരിക്കുന്നവ എത്രയുണ്ടെന്നു് പറയാമോ ? എൻ. ഈ. എസ്സ്. ബ്ലോക്കിന്റെ പ്രവർത്തനം തുടങ്ങി ഫസ്റ്റു സ്റ്റേജിൽ തന്നെ പ്രൈമറി ഹെൽത്തു് സെൻറർ ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ വളരെ താമസിച്ചു് തുടങ്ങിയിട്ടുള്ളവ ഒന്നുംതന്നെയില്ല. ഈ വർഷം പതിനൊന്നെണ്ണം തുടങ്ങിക്കഴിഞ്ഞു, ഇനി ഇരുപതെണ്ണം കൂടി ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ടു്. ഇതിൽ പറഞ്ഞിട്ടുള്ള കണ്ടിഷൻസെല്ലാം ഉള്ളിടത്തു് പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനു് കാലതാമസം വരികയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : കോഴിക്കോട്ടു ജില്ലയിലുള്ള തോടന്നൂർ എൻ. ഈ. എസ്സ്. ബ്ലോക്കിൽ പ്രൈമറി ഹെൽത്തു് സെൻറർ പുതിയതായിട്ടു ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പ്രത്യേകം ചോദ്യം ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻ : തലപ്പള്ളി താലൂക്കിൽ ചൊവ്വന്നൂർ ബ്ലോക്കിൽപ്പെട്ട പഴനിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങുന്നതിനു് ഗവണ്മെൻറിന്റെ എല്ലാ കണ്ടിഷൻസും അംഗീകരിക്കാൻ തയാറായിട്ടും അവിടെ തുടങ്ങാത്തതിന്റെ കാരണമെന്താണെന്നു പറയാമോ? ഈ കൊല്ലം തന്നെ തുടങ്ങാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചൊവ്വന്നൂരിൽ ഈ വർഷം തന്നെ പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങുന്നതാണു്. അതിനാവശ്യമായ റക്കമെൻറേഷൻ വന്നു കഴിഞ്ഞാൽ ഉടനെ തന്നെ ആരംഭിക്കുന്നതാണു്.

ശ്രീ. സി. എ. മാത്യു : സാധാരണ ഡിസ്പെൻസറികളെല്ലാം പ്രൈമറി ഹെൽത്ത് സെൻററായിട്ടു് മാററാൻ ഒരു സ്കീമുണ്ടായിരുന്നു. ആ സ്കീം ഇപ്പോഴും നിലവിലുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണ ഡിസ്പെൻസറികളെല്ലാം പ്രൈമറി ഹെൽത്ത് സെൻററായിട്ടു് മാററാൻ സാധിക്കുകയില്ല. എന്തെങ്കിലും ബ്ലോക്കുകളിൽ ആവശ്യത്തിനു മെഡിക്കൽ ഇൻസ്റിററ്യൂഷനുകളും ഉണ്ടെങ്കിൽ പുതിയതായി പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കാതെ അതിനെത്തന്നെ പ്രൈമറി ഹെൽത്ത് സെൻററാക്കാവുന്നതാണു്.

കായൽ പുഞ്ചനിലങ്ങൾക്കു് പുറംചിറകളും ഉറപ്പിക്കുന്നതിനുള്ള സ്കീം.

* 862. [3] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കായൽ പുഞ്ചനിലങ്ങൾക്കു പുറംചിറകളും സ്ഥിരമായി ഉറപ്പിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ;

(സി) കുട്ടനാടിന്റെ ഭാഗങ്ങളായി വൈക്കം താലൂക്കിലുള്ള പുഞ്ചകരിനിലങ്ങൾക്കു സ്ഥിരമായ പുറംചിറയില്ലാത്തതുകൊണ്ടു് ഉണ്ടാകുന്ന നാശനഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ നിലങ്ങൾക്കു പുറംചിറയിടുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ;

(ഇ) വൈക്കം എൻ. എസ്സു്. ബ്ലോക്കിൽ നിന്നും ഇതിനുള്ള ഒരു പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(എഫു്) ഇക്കാര്യത്തിൽ ഉടനടി ആവശ്യമായ നടപടികളും കൈക്കൊള്ളുവാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) ചില ആലോചനകളും നടത്തിയിട്ടുണ്ടു്. ഇപ്പോൾ സ്കീം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പൊതുവിൽ നാശനഷ്ടങ്ങൾ ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വൈക്കം താലൂക്കിലുള്ള ചില പാടങ്ങളിലും, മടവീഴ്ച ഉണ്ടാകാറുള്ളതായി അറിയാം.

(ഡി) ഇല്ല.

(ഇ) ഉണ്ടു്.

(എഫു്) ഇതു് പരിശോധനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly